**കേരള സർക്കാർ**

<u>സംഗ്രഹം</u>

തദ്ദേശ സ്വയം ഭരണ വകുപ്പ് - ഇടുക്കി ജില്ലയിലെ സമ്പൂർണ ശുചിത്വ മിഷൻ പദ്ധതിയിൽ ഗ്രാമ പഞ്ചായത്ത് പ്രദേശങ്ങളിൽ **118** ശുചിത്വ സന്ദേശ ബോർഡുകൾ സ്ഥാപിച്ചതിന്റെ തുക, പെർഫോമൻസ് ഗ്യാരന്റി, ഇ എം ഡി എന്നിവ പദ്ധതിയുമായി ബന്ധപ്പെട്ട കോൺട്രാക്ടർ ശ്രീ. എൻ.എസ് ബിനുവിന് നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================

തദ്ദേശ സ്വയം ഭരണ (ഡി.സി) വകുപ്പ്

സ.ഉ.(സാധാ)നം. 457/2017/തസ്വഭവ തിരുവനന്തപുരം, തീയതി 17.02.2017

---

പരാമർശം- 1. 16.12.2016 ന് ശ്രീ എൻ. എസ് ബിനു സമർപ്പിച്ച അപേക്ഷ.
2. ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 31.12.2016 ലെ 4364/A/2012/SM നമ്പർ കത്ത്
3. വിജിലൻസ് ഡയറക്ടറുടെ 31.08.2016 ലെ E13(VE 5/15/IDK/LSGD) 40243/15 നമ്പർ കത്ത്

<u>**ഉത്തരവ്**</u>

ഇടുക്കി ജില്ലയിലെ സമ്പൂർണ ശുചിത്വ മിഷൻ പദ്ധതിയിൽ ശുചിത്വ സന്ദേശ ബോർഡുകൾ 53 ഗ്രാമ പഞ്ചായത്ത് പ്രദേശങ്ങളിൽ സ്ഥാപിച്ച വകയിൽ ബോർഡുകൾക്കുള്ള തുക, പെർഫോമൻസ് ഗ്യാരന്റി, ഇ എം ഡി എന്നിവ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ശ്രീ എൻ.എസ് ബിനു, പ്രൊപ്രൈറ്റർ, ഫ്രണ്ട്സ് ഓഫ് സെറ്റ്, ചെറുതോണി പരാമർശം 1 പ്രകാരം അപേക്ഷിച്ചിരുന്നു.

ഇടുക്കി ജില്ലയിലെ സമ്പൂർണ ശുചിത്വ മിഷൻ പദ്ധതിയിൽ 53 ഗ്രാമ പഞ്ചായത്ത് പ്രദേശങ്ങളിൽ ശുചിത്വ സന്ദേശ ബോർഡുകൾ സ്ഥാപിച്ച വകയിൽ, സ്റ്റോപ്പ് മെമ്മോ ലഭിച്ചതിനു ശേഷം നല്കിയ ബില്ലുകൾ ഒഴികെ, എണ്ണി ബോധ്യപ്പെട്ട 118 ബോർഡുകൾക്കുള്ള തുക, പെർഫോമൻസ് ഗ്യാരന്റി, ഇ എം ഡി എന്നിവ പദ്ധതിയുമായി ബന്ധപ്പെട്ട കോൺട്രാക്ടർ ശ്രീ. എൻ.എസ് ബിനുവിന് നല്കാവുന്നതാണെന്ന് പരാമർശം 2 പ്രകാരം ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറും പരാമർശം 3 പ്രകാരം വിജിലൻസ് വകുപ്പ് ഡയറക്ടറും ശുപാർശ ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഇടുക്കി ജില്ലയിലെ സമ്പൂർണ ശുചിത്വ മിഷൻ പദ്ധതിയിൽ 53 ഗ്രാമ പഞ്ചായത്ത് പ്രദേശങ്ങളിൽ ശുചിത്വ സന്ദേശ

ബോർഡുകൾ സ്ഥാപിച്ച വകയിൽ, സ്റ്റോപ്പ് മെമ്മോ ലഭിച്ചതിനു ശേഷം സമർപ്പിച്ച ബില്ലുകൾക്ക് ഒഴികെ, എണ്ണി ബോധ്യപ്പെട്ട 112 ബോർഡുകൾക്കുള്ള തുക, പെർഫോമൻസ് ഗ്യാരന്റി, ഇ എം ഡി എന്നിവ കോൺട്രാക്ടർ ശ്രീ. എൻ.എസ് ബിനുവിന് നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

ഡി. സന്തോഷ്
ഡെപ്യൂട്ടി സെക്രട്ടറി

എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ
ശ്രീ എൻ.എസ്. ബിനു, പ്രൊപ്രൈറ്റർ, ഫ്രണ്ട്സ് ഓഫ് സെറ്റ് പ്രസ്സ്, ചെറുതോണി
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ